**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4226** — **06-03-2023 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ 2017-18 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ ടെൻഡർ സേവിംഗ്സ് സംബന്ധിച്ച വിശദവിവരം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ? | (എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ 2017-18 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ ടെൻഡർ സേവിംഗ്സ് സംബന്ധിച്ച വിശദവിവരം സാമ്പത്തിക വർഷം തിരിച്ചുള്ളത് ചുവടെ കൊടുക്കുന്നു.<br><br>2017-18 – 44,35,000/- രൂപ<br><br>2018-19 – 63,99,000/- രൂപ<br><br>2019-20 – 36,84,000/- രൂപ<br><br>2020-21 – 52,34,987.95/- രൂപ<br><br>04.08.2018-ലെ സ.ഉ.(അച്ചടി)നം. 119/2018/ധന, 17.12.2022-ലെ സ.ഉ(സാധാ)നം.145/2022/ധന എന്നീ ഉത്തരവുകൾ പ്രകാരം ഒരു സാമ്പത്തിക വർഷത്തെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് ഫൈനൽ ബിൽ തയ്യാറാക്കി കഴിഞ്ഞാൽ മാത്രമേ ആ വർഷത്തെ ടെൻഡർ സേവിംഗ്സ് കണക്കാക്കാൻ കഴിയുകയുള്ളൂ. 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ ഭരണാനുമതി നൽകിയ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഈ വർഷങ്ങളിലെ ടെൻഡർ സേവിംഗ്സ് തുക കണക്കാക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ